## പഞ്ചായത്ത് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം:- പഞ്ചായത്ത് വകുപ്പ് - ഭരണ ജാഗ്രത-പാലക്കാട് ജില്ല-പുതുർ ഗ്രാമപഞ്ചായത്ത്-മുൻ സെക്രട്ടറി ശ്രീ എം.വി.അജയകുമാറിനെ അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെൻന്റ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 21.10.2016-ലെ ഇ 1-6504/16 നമ്പർ കത്ത്.
2. ഈ ആഫീസിലെ 20.12.2016-ലെ ഡി10-35047/16 നമ്പർ കത്ത്.
3. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.01.2017-ലെ ഡി2-15013/16 നമ്പർ കത്ത്.

## ഉത്തരവ് നമ്പർ ഡി10-35047/16 തീയതി : 08.12.2017

പാലക്കാട് ജില്ലയിലെ പുതുർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ എം.വി.അജയകുമാറിനെതിരെ പുതുർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച പരാതിയിന്മേൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം ഈ ആഫീസിൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ശ്രീ എം.വി.അജയകുമാർ പുതുർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കേ ഗ്രാമപഞ്ചായത്ത് യോഗങ്ങളിൽ കൃത്യമായി പങ്കെടുക്കാറില്ലെന്നും പകരം അസിസ്റ്റന്റ് സെക്രട്ടറിയോ, മറ്റു ജീവനക്കാരോ ആണ് യോഗങ്ങളിൽ പങ്കെടുക്കാറുള്ളതെന്നും, ചെലവുകളുടെ വൗച്ചറുകൾ കൃത്യമായി പ്രസിഡന്റിനെ കാണിച്ച് അധികൃതമാക്കുന്നില്ലെന്നും പഞ്ചായത്ത് ഫണ്ടിന്റെ സൂക്ഷിപ്പിലും വരവു ചെലവു കണക്കുകളുടെ സൂക്ഷിപ്പിലും കൃത്യത പുലർത്തുന്നില്ലായെന്നും പരാമർശം (1) പ്രകാരം പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടതെ 3/14 മുതൽ സെക്രട്ടറിയുടെ ശമ്പള ബിൽ പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസറുടെ കൗണ്ടർ സൈൻ ഇല്ലാതെയും, പുതുക്കിയ ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവോ മേലൊപ്പോ ഇല്ലാതെയും, പിൻവലിച്ചത് സംബന്ധിച്ച് പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസർ ടിയാനോട് വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും ടിയാൻ മറുപടി നൽകിയിട്ടില്ലായെന്നും പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വിഷയം സംബന്ധിച്ച് പരാമർശം (2) പ്രകാരം ശ്രീ എം.വി.അജയകുമാറിനോട് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഈ ആഫീസിൽ നിന്നും നൽകിയ കത്ത് 10.01.2017-ന് ടിയാൻ കൈപ്പറ്റിയതായി പരാമർശം (3) പ്രകാരം എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിരുന്നു. ആയതിന് നാളിതുവരെ ടിയാൻ മറുപടി സമർപ്പിച്ചിട്ടില്ല. വകുപ്പ് മേധാവിയുടെ ഉത്തരവുകൾക്ക് യാതൊരു പരിഗണനയും നൽകാത്ത ധിക്കാരപരമായ നടപടിയാണ് ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്.

പ്രസ്തുത സാഹചര്യത്തിൽ പുതൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ എം.വി.അജയകുമാറിനെ സേവനത്തിൽ നിന്നും മാറ്റി വിശദമായ അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കാണുന്നു. ആയതിനാൽ പുതൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ എം.വി.അജയകുമാറിനെ വിശദമായ അന്വേഷണത്തിനും അച്ചടക്ക നടപടിക്കും വിധേയമായി ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ എം.വി.അജയകുമാറിന് കെ.എസ്.ആർ അനുശാസിക്കും പ്രകാരമുള്ള ഉപജീവനബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഒപ്പ്)
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

ശ്രീ എം.വി.അജയകുമാർ
മുൻ സെക്രട്ടറി
പുതൂർ ഗ്രാമപഞ്ചായത്ത് (നിലവിൽ കുമാരമംഗലം ഗ്രാമപഞ്ചായത്ത്)
(പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി മുഖേന)

പകർപ്പ്:-

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി (ഉത്തരവ് ഉടൻ നടപ്പിൽ വരുത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. സെക്രട്ടറി, പുതൂർ ഗ്രാമപഞ്ചായത്ത്
4. സൂപ്രണ്ട് ഇ സെക്ഷൻ
5. കരുതൽ/അധികം

ആജ്ഞാനുസരണം
സൂപ്രണ്ട്.

പി.കെ. 12/12